**File No.: GE-DA2/216/2025-G.EDN**

"ഭരണഭാഷ-
മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം-ശ്രീ ബോബി ഒ.സി, ജൂനിയർ ക്ലർക്ക്, ജി എച്ച് എച്ച് എസ്, ഉത്തരംകോട്, തിരുവനന്തപുരം -സസ്പെൻഷൻ കാലയളവ് ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ(ഡി.എ) വകുപ്പ്**

സ.ഉ.(സാധാ) നം.3024/2026/GEDN തീയതി,തിരുവനന്തപുരം, 04-05-2026

---

പരാമർശം:-
1. 23.05.2013 ലെ സ.ഉ(സാധാ) നമ്പർ 2156/2013/പൊവിവ
2. 02.01.2014 ലെ സ.ഉ(അ) നമ്പർ 28/2014/പൊവിവ
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 19.11.2019 ലെ വി4/39492/2013/ഡിജിഇ നം കത്ത്

**ഉത്തരവ്**

തിരുവനന്തപുരം ഉത്തരംകോട് ജി എച്ച് എച്ച് എസ് -ലെ ക്ലർക്കായ ശ്രീ.ബോബിയെ തിരുവനന്തപുരം കോട്ടുകാൽക്കോണം എം.സി.എച്ച്.എസ്. ലെ പാർട്ട് ടൈം ക്രാഫ്റ്റ് ടീച്ചർ ആയിരുന്ന ശ്രീമതി.റ്റി. സിൽവിയയ്ക്ക് തെറ്റായി ഗ്രേഡ് അനുവദിച്ചതുമായി ബന്ധപ്പെട്ട വിഷയത്തിൽ ഉടൻ പ്രാബല്യത്തിൽ അച്ചടക്ക നടപടിയുടെ ഭാഗമായി സർവീസിൽ നിന്നും പരാമർശം (1) പ്രകാരം സസ്പെന്റ് ചെയ്തിരുന്നു. തുടർന്ന് ടിയാനെ പരാമർശം (2) പ്രകാരം സർവീസിൽ പുനഃപ്രവേശിപ്പിക്കുകയും മൈനർ ശിക്ഷയായ സെൻഷ്വർ നൽകി ടിയാനെതിരെയുള്ള അച്ചടക്കനടപടി തീർപ്പാക്കുകയും ചെയ്തിരുന്നു.

05.02.2014 ലെ തിരുവനന്തപുരം വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ അഡ്മിനിസ്ട്രേറ്റിവ് അസിസ്റ്റൻറിന്റെ നടപടി ഉത്തരവ് പ്രകാരം ടിയാന് മലയിൻകീഴ് ജി.എച്ച്.എസ്.എസിൽ പോസ്റ്റിംഗ് നൽകുകയും 07.2.2014 ന് ഡ്യൂട്ടിയിൽ പ്രവേശിക്കുകയും ചെയ്തു. ടിയാന്റെ 29.05.2013 മുതൽ 05.02.2014 വരെയുള്ള സസ്പെൻഷൻ കാലയളവ് അർഹതയുള്ള അവധിയായി ക്രമീകരിക്കുവാൻ പരാമർശം (3) പ്രകാരം സർക്കാർ മുമ്പാകെ ടിയാൻ അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സസ്പെൻഷൻ തീയതി മുതൽ ജോലിയിൽ തിരികെ പ്രവേശിച്ചതുവരെയുള്ള മുഴുവൻ കാലയളവും സർവീസ്/അർഹമായ അവധിയായി ക്രമീകരിക്കുന്നതിനാണ് ശ്രീ.ഒ.ബോബി ആവശ്യപ്പെട്ടിരിക്കുന്നത്. ആയതിനാൽ ശ്രീ. ബോബി. ഒ യുടെ 23/05/2013 മുതൽ 01/01/2014 വരെയുള്ള സസ്പെൻഷൻ കാലയളവും 02/01/2014 മുതൽ തിരികെ ജോലിയിൽ പ്രവേശിച്ചത് വരെയുള്ള ഇടവേളയും ടിയാൻ സസ്പെൻഷനിലാകുന്നതിന് മുൻപ് ടിയാന്റെ ക്രഡിറ്റിലുള്ള ഏത് തരത്തിലുള്ള അവധിയായും ക്രമീകരിക്കുന്നതിന്, അത്തരത്തിൽ ടിയാനിൽ നിന്നും അവധി അപേക്ഷ ലഭ്യമാക്കിയ ശേഷം അനുവദിക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അനുമതി നല്കി ഉത്തരവാകുന്നു.

കെ.എസ്.ആർ ഭാഗം I ചട്ടം 56ബി(9)ന് ചുവടെയുള്ള കുറിപ്പ് 3 പ്രകാരം, സസ്പെൻഷൻ കാലയളവ് അവധിയായി ക്രമീകരിമ്പോൾ അവധി വേതനത്തെക്കാൾ കൂടുതലായി ഉപജീവനബത്ത കൈപ്പറ്റിയിട്ടുണ്ടെങ്കിൽ ആയത് തിരിച്ചടയ്ക്കേണ്ടതും, എന്നാൽ സസ്പെൻഷൻ കാലയളവ് മറ്റ് അവധികളുടെ അഭാവത്തിൽ ശൂന്യവേതനാവധിയായി ക്രമീകരിക്കുന്ന പക്ഷം, ശ്യൂന്യവേതനാവധിയായി ക്രമീകരിക്കപ്പെടേണ്ട കാലയളവിൽ ടിയാൻ ഉപജീവന ബത്ത കൈപ്പറ്റിയിട്ടുണ്ടെങ്കിൽ ആയത് തിരികെ പിടിക്കേണ്ടതില്ലാത്തതുമാണ്.

കൂടാതെ സസ്പെൻഷൻ കാലയളവ് KSRs Part I Rule 88 പ്രകാരം ശൂന്യവേതനാവധിയായി ക്രമീകരിക്കപ്പെടുകയാണെങ്കിൽ, ടി കാലയളവ് ഇൻക്രിമെന്റ്, ഹയർ ഗ്രേഡ്, പെൻഷൻ, ആർജിതാവധി എന്നിവയ്ക്ക് കണക്കാക്കുന്നതല്ല എന്ന വ്യവസ്ഥ കൂടി ഉത്തരവിൽ ചേർക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിന്ദു ആർ ആർ
ഡെപ്യൂട്ടി സെക്രട്ടറി

1. പൊതുവിദ്യാഭ്യാസ ഡയറക്ടർ , തിരുവനന്തപുരം
2. ശ്രീ ബോബി ഒ, ക്ലർക്ക് (പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖേന)
3. ധനകാര്യ വകുപ്പ്(24.08.2020 ലെ U.O(R) നം . EDN-A1/157/2020-FIN പ്രകാരം)
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ , കേരള, തിരുവനന്തപുരം
5. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ&ഇ), കേരള, തിരുവനന്തപുരം
6. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി
7. വെബ്(കൈറ്റ്സ്/ന്യൂ മീഡിയ)

ഉത്തരവിൻ പ്രകാരം
Signed by
Dhanya M B
സെക്ഷൻ ഓഫീസർ
Date: 05-05-2026 10:35:47

പകർപ്പ് :ബഹു പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ പി.എ ക്ക്